"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - 'JJM- Augmentation of ARWSS to Bharanikkavu, Thekkekkara, Vallikkunnam and Krishnapuram Panchayaths' എന്ന പദ്ധതിക്ക് കീഴിലുള്ള ജൽ ജീവൻ മിഷൻ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.64/2024/WRD തീയതി,തിരുവനന്തപുരം, 29-11-2024

---

പരാമർശം:-
1. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
2. സ.ഉ. (സാധാ) നം. 134/2022/ജ.വി.വ തീയതി 23.02.2022
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 20.03.2024, 19.10.2024, 02.11.2024 തീയതികളിലെ KWA-JB/1737/2024-AEE6 നമ്പർ കത്തുകൾ.

**ഉത്തരവ്**

'JJM- Augmentation of ARWSS to Bharanikkavu, Thekkekkara, Vallikkunnam and Krishnapuram Panchayaths' എന്ന പദ്ധതിക്ക് കീഴിൽ, തെക്കേക്കര പഞ്ചായത്തിൽ വിതരണ ലൈനുകൾ ഉൾപ്പെടെ എഫ്.എച്ച്.റ്റി.സി. നൽകൽ, 15 എം.എൽ.ഡി ജല ശുദ്ധീകരണ പ്ലാന്റിന്റെ നവീകരണം, റെയിൽവേ ക്രോസിംഗിന് സമീപമുള്ള ഗ്യാപ്പ് വർക്ക്, ട്രാൻസ്മിഷൻ മെയിനുകളുടെ റിവർ ക്രോസിംഗ്, ജല ശുദ്ധീകരണ പ്ലാന്റിന് ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നൽകൽ എന്നിവയും അനുബന്ധ ജോലികളും, ജനറൽ സിവിൽ വർക്കുകളും എന്ന പാക്കേജിന്റെ പ്രവൃത്തിയ്ക്ക് പരാമർശം (2) പ്രകാരം 4316.35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് 09.02.2023 തീയതിയിൽ 4188.56 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു.

2. പ്രസ്തുത പ്രവൃത്തിയ്ക്ക് ആദ്യം ക്ഷണിച്ച രണ്ടും ടെണ്ടറുകളും ഒരു ദർഘാസ് മാത്രം ലഭിച്ച / Letter of Acceptance (LOA) നൽകിയതിനു ശേഷവും കരാറുകാരൻ കരാർ നടപ്പിലാക്കിയില്ല എന്ന കാരണത്താൽ റദ്ദ് ചെയ്യുകയാണുണ്ടായത്. രണ്ടാം പുന:ദർഘാസിൽ "Sri. K Sasidharan, Metaguard Engineers And Contractors, Kaliyikkal, Ponakom, Mavelikara Alappuzha Dist., Kerala JV with Sri. Binu Mathew, Kottaviruthil house, Anaprambal P.O, Thalavady, Alappuzha" എന്ന കരാറുകാരന്റെ ഏക ദർഘാസ് മാത്രമാണ് ലഭിച്ചതെന്നും, പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത 40,98,49,907.25/- രൂപ ദർഘാസ് തുകയായ 34,73,30,238/- രൂപയേക്കാൾ 18% കൂടുതലായിരുന്നു എന്നും പരാമർശം (3) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. പരാമർശം (1) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി

നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയായ പ്രാദേശിക വിപണി നിരക്കായ 34,96,83,878.89/- രൂപയ്ക്ക് മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ. കരാറുകാരനുമായി negotiation നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുകയേക്കാൾ കുറഞ്ഞ തുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറായില്ല എന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. ഈ പദ്ധതിയിൽ 20 വർഷത്തിലേറെ പഴക്കമുള്ളതും ഇതുവരെ കമ്മീഷൻ ചെയ്യാത്തതുമായ പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികളും ഉൾപ്പെടുന്നു. കുറഞ്ഞ output- ൽ കൂടുതൽ തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും വിന്യസിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. അച്ചൻകോവിൽ പുഴയുടെ അടിത്തട്ടിനു കുറുകെ പൈപ്പുകൾ സ്ഥാപിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ ആയത് വൻ തുക ചെലവു വരുന്ന പ്രത്യേക ജോലിയാണ്. പ്രായിക്കരയിലെ 20 വർഷം പഴക്കമുള്ള ജല ശുദ്ധീകരണ പ്ലാന്റിന്റെ നവീകരണത്തിനും കറത്തിക്കാട് ഒ.എച്ച്.എസ്.ആർ (Over Head Service Reservoir) നവീകരണത്തിനും BOQ-ൽ കണക്കാക്കിയതിനേക്കാൾ കൂടുതൽ മാനുഷിക സമയവും, യന്ത്രങ്ങളുടെ വിന്യാസവും, സാമ്പത്തിക സ്രോതസ്സുകളും ആവശ്യമാണ്. നിലവിലുള്ള സാമഗ്രികളുടെ നിരക്കും തൊഴിൽ നിരക്കും പ്രതിഫലിപ്പിക്കാത്ത DSR 2018 അടിസ്ഥാനമാക്കിയുള്ളതാണ് എസ്റ്റിമേറ്റ്. നിർമ്മാണ സാമഗ്രികൾ, പൈപ്പുകൾ, ഇന്ധനം എന്നിവയുടെ നിരക്കിൽ വൻ വിലക്കയറ്റമുണ്ട്. അതിനാൽ കരാറുകാരന്റെ പ്രസ്താവന ന്യായമാണെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വസ്തുതകളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രാധാന്യവും കണക്കിലെടുത്ത്, Single bidder-ൽ നിന്ന് ലഭിച്ച ഓഫർ പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. നാല് പ്രധാന പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകാനുള്ള ജൽ ജീവൻ മിഷൻ പ്രകാരമുള്ള ഒരു പ്രധാന പ്രവൃത്തിയാണിത്. ഫെബ്രുവരി 2023 മുതൽ ടെണ്ടർ നടപടികൾ ആരംഭിച്ചെങ്കിലും ഇതുവരെ വിജയകരമായ രീതിയിൽ ടെണ്ടർ നൽകാൻ കഴിഞ്ഞിട്ടില്ല. രണ്ടാമത്തെ ടെണ്ടർ ക്യാൻസൽ ചെയ്യേണ്ടി വന്നു.

6. പ്രസ്തുത സാഹചര്യത്തിൽ 'JJM- Augmentation of ARWSS to Bharanikkavu, Thekkekkara, Vallikkunnam and Krishnapuram Panchayaths' എന്ന പദ്ധതിക്ക് കീഴിലുള്ള ജൽ ജീവൻ മിഷൻ പ്രവൃത്തിക്ക് ലഭിച്ച single bidder ആയ "Sri. K Sasidharan, Metaguard Engineers And Contractors, Kaliyikkal, Ponakom, Mavelikara Alappuzha Dist., Kerala JV with Sri. Binu Mathew, Kottaviruthil house, Anaprambal P.O, Thalavady, Alappuzha" ക്വാട്ട് ചെയ്ത ഏക ദർഘാസ്, Tendered PAC യേക്കാൾ 18% അധികരിച്ച തുകയായ 40,98,49,907.25/- രൂപയ്ക്ക് (നാല്പത് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി ഏഴ് രൂപ ഇരുപത്തിയഞ്ച് പൈസ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (27.11.2024-ലെ ഇനം.2511 പ്രകാരം).
4. ധനകാര്യ വകുപ്പ് (ഫയൽ നം. E-2775555/PU-C1/2024/Fin).
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 29-11-2024 16:31:09
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്- ന്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-11-2024

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി1/83/2024/ജ.വി.വ. ഇനം നം: 2511

വിഷയം : ജലവിഭവ വകുപ്പ് - 'JJM - Augmentation of ARWSS to Bharanikkavu, Thekkekkara, Vallikkunnam and Krishnapuram Panchayaths' എന്ന പദ്ധതിക്ക് കീഴിലുള്ള ജൽ ജീവൻ മിഷൻ പ്രവൃത്തിക്ക് ലഭിച്ച ഏക ദർഘാസ് Tendered PAC-യേക്കാൾ 18% അധികരിച്ച തുകയായ 40,98,49,907.25/- രൂപയ്ക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അംഗീകരിക്കുന്നത്.

തീരുമാനം :
1. കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.
2. ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ ഉൾപ്പെടെയുള്ള സാധന സാമഗ്രികളുടെ വിലവർദ്ധനവ്, മറ്റു കാരണങ്ങളാൽ ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതിനാൽ താമസം നേരിടുന്നത് മുതലായ പ്രശ്നങ്ങൾ പട്ടികപ്പെടുത്തി വിശദമായ ചർച്ച നടത്തേണ്ടതാണ്.
3. ഏക ടെണ്ടർ സംബന്ധിച്ചുള്ള കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

US(B)
28/11/24
S.S

2 8 NOV 2024

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

2511

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു എസ്- ബി1/83/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | JJM- Augmentation of ARWSS to Bharanikkavu, Thekkekkara, Vallikkunnam and Krishnapuram Panchayaths' എന്ന പദ്ധതിക്ക് കീഴിലുള്ള ജൽ ജീവൻ മിഷൻ പ്രവൃത്തിക്ക് ലഭിച്ച ഏക ദർഘാസ് Tendered PAC യേക്കാൾ 18% അധികരിച്ച തുകയായ 40,98,49,907.25/-രൂപയ്ക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24/09/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/11/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13/11/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 18/11/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19/11/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

'JJM- Augmentation of ARWSS to Bharanikkavu, Thekkekkara, Vallikkunnam and Krishnapuram Panchayaths' എന്ന പദ്ധതിക്ക് കീഴിൽ ഭരണിക്കാവ്, തെക്കേക്കര, വള്ളികുന്നം, കൃഷ്ണപുരം പഞ്ചായത്തുകളിലേക്കുള്ള ജൽ ജീവൻ മിഷൻ പ്രവൃത്തിക്ക് ലഭിച്ച Tendered PAC യേക്കാൾ 18% അധികരിച്ച ഏക ദർഘാസ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. തെക്കേക്കര പഞ്ചായത്തിൽ വിതരണ ലൈനുകൾ ഉൾപ്പെടെ എഫ്.എച്ച്.റ്റി.സി നൽകൽ, 15 എം.എൽ.ഡി ജല ശുദ്ധീകരണ പ്ലാന്റിന്റെ നവീകരണം, റെയിൽവേ ക്രോസിംഗിന് സമീപമുള്ള ഗ്യാപ്പ് വർക്ക്, ട്രാൻസ്മിഷൻ മെയിനുകളുടെ റിവർ ക്രോസിംഗ്, ജല ശുദ്ധീകരണ പ്ലാന്റിന് ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നൽകൽ എന്നിവയും അനുബന്ധ ജോലികളും, ജനറൽ സിവിൽ വർക്കുകളും ഈ പ്രവൃത്തിയുടെ പാക്കേജിൽ ഉൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് 23.02.2022 തീയതിയിലെ സ.ഉ (സാധാ) 134/2022/ജ.വി.വ പ്രകാരം 4316.35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് 09.02.2023 തീയതിയിൽ 4188.56 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

3. പ്രസ്തുത പ്രവൃത്തിയ്ക്കായി 14.02.2023 തീയതിയിൽ ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഒരു ദർഘാസു മാത്രം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത ടെൻണ്ടർ റദ്ദ് ചെയ്തു. 25.02.2023 തീയതിയിൽ ക്ഷണിച്ച പുനഃദർഘാസ്, Letter of Acceptance (LOA) നൽകിയതിനു ശേഷവും കരാറുകാരൻ കരാർ നടപ്പിലാക്കാത്തതിനാൽ റദ്ദ് ചെയ്യുകയുണ്ടായി. വ്യാപക പ്രചാരണത്തിനു ശേഷം 34,73,30,238/- രൂപ tendered PAC ആയി 20.12.2023 തീയതിയിൽ ക്ഷണിച്ച രണ്ടാം പുനഃദർഘാസിന്റെ firm period 120 ദിവസമായിരുന്നു. രണ്ടാം പുനഃദർഘാസിൽ "Sri. K Sasidharan, Metaguard Engineers And Contractors, Kaliyikkal, Ponakom, Mavelikara Alappuzha Dist., Kerala JV

with Sri. Binu Mathew, Kottaviruthil house, Anaprambal P.O, Thalavady, Alappuzha" എന്ന കരാറുകാരന്റെ ഏക ദർഘാസ് മാത്രമാണ് ലഭിച്ചത്. കരാറുകാരൻ സാങ്കേതികവും സാമ്പത്തികവുമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിനാൽ, 11.01.2024 തീയതിയിൽ ചേർന്ന സ്പെഷ്യൽ ടെണ്ടർ കമ്മിറ്റി (TA) പ്രസ്തുത കരാറുകാരനെ പ്രീ-ക്വാളിഫൈ ചെയ്യുകയും, 17.01.2024- ന് പ്രസ്തുത ദർഘാസ് തുറക്കുകയും ചെയ്തു. കരാറുകാൻ ക്വാട്ട് ചെയ്ത തുകയായ 40,98,49,907.25/- രൂപ tendered PAC ആയ 34,73,30,238/- രൂപയെക്കാൾ 18% അധികമായിരുന്നു.

4. 12.02.2024 തീയതി ചേർന്ന ടെണ്ടർ കമ്മിറ്റി "Sri. K Sasidharan, Metaguard Engineers And Contractors, Kaliyikkal, Ponakom, Mavelikara Alappuzha Dist., Kerala JV with Sri. Binu Mathew, Kottaviruthil house, Anaprambal P.O, Thalavady, Alappuzha" -ന്റെ ഏക ദർഘാസ് താഴെ പറയും പ്രകാരം വിലയിരുത്തുകയുണ്ടായി. Comparison Statement താഴെ പറയുന്നു.

| **Quoted Amount - Rs.40,98,49,907.25/-** | | |
|---|---|---|
| | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs.34,73,30,238/- | **18 % Above** |
| Current SoR +10% amount | Rs.38,20,63,261.8 (From PRICE) | **7.27 % Above** |
| LMR PAC corresponding to TPAC (Cherthala Taluk, Ambalapuzha Taluk, Karthikapally Taluk and Kuttanadu Taluk) (as 04-01-2024) Generated from PRICE | Rs.34,96,83,878.89/- | **17.2 % Above** |

കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പ്രസ്തുത കരാറുകാരനുമായി negotiation നടത്തി. എന്നാൽ കരാറുകാരൻ തുക കുറയ്ക്കുവാൻ തയ്യാറായില്ല.

5. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:

*"Administrative Department is requested to rework and re tender the work as per para 4(v) of G.O (P) No. 16/2017/Fin dated 06.02.2017. AD is also requested to ensure the risk and cost from the defaulted contractor as per the NIT conditions since the tender received on 25.02.2023 was cancelled as the bidder has not executed the agreement even after issuing LOA".*

6. 06/02/2017 തീയതിയിലെ സ.ഉ (പി) നം. 16/2017/ധന ഉത്തരവിലെ ഖണ്ഡിക 4 (V) –ൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

*"If the quoted rate is still above allowable limit even after re-tendering the competent authority shall rework the estimate, after giving due consideration to the site specific conditions and fresh tenders shall be invited based on revised estimates".*

7. ഈ പ്രവൃത്തിയ്ക്ക് M/s Om Dhar Engineering Pvt. Ltd JV with M/s. Haigrreeva Infratech Projects Ltd എന്ന കരാറുകാരന് Letter of Acceptance (LoA) നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റിൽ ഏർപ്പെടാതിരുന്നതിനാൽ പ്രസ്തുത കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് വീണ്ടും ടെണ്ടർ ക്ഷണിച്ചപ്പോൾ "Sri. K Sasidharan, Metaguard Engineers And Contractors, Kaliyikkal, Ponakom, Mavelikara Alappuzha Dist., Kerala JV with Sri. Binu Mathew, Kottaviruthil house, Anaprambal P.O, Thalavady, Alappuzha" എന്ന കരാറുകാരൻ 18% അധിക നിരക്കിൽ ടെണ്ടർ സമർപ്പിച്ചു. ആയതാണ് ഈ കുറിപ്പിൽ പരിശോധിക്കുന്നത്. ടെണ്ടറിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി അറേഞ്ച് ചെയ്യുമ്പോൾ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുകയാണെങ്കിൽ NIT – യിലെ

Clause 7.22.2 പ്രകാരം കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

8. ജൽ ജീവൻ മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, അംഗീകൃത ചെലവിനപ്പുറമുള്ള ചെലവ് വർധിച്ചാൽ, അത് ബന്ധപ്പെട്ട സംസ്ഥാനങ്ങളും/ കേന്ദ്ര ഭരണ പ്രദേശങ്ങളും വഹിക്കേണ്ടിവരും. കൂടാതെ JJM-ന് കീഴിൽ ലഭ്യമായ വിഭവങ്ങളിൽ നിന്ന് അധിക ചെലവുകൾ അനുവദിക്കില്ല.

9. ഈ പദ്ധതിയിൽ 20 വർഷത്തിലേറെ പഴക്കമുള്ളതും ഇതുവരെ കമ്മീഷൻ ചെയ്യാത്തതുമായ പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികളും പദ്ധതിയിൽ ഉൾപ്പെടുന്നു. കുറഞ്ഞ output- ൽ കൂടുതൽ തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും വിന്യസിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. അച്ചൻകോവിൽ പുഴയുടെ അടിത്തട്ടിനു കുറുകെ പൈപ്പുകൾ സ്ഥാപിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ ആയത് വൻ തുക ചെലവു വരുന്ന പ്രത്യേക ജോലിയാണ്. പ്രായിക്കരയിലെ 20 വർഷം പഴക്കമുള്ള ജല ശുദ്ധീകരണ പ്ലാന്റിന്റെ നവീകരണത്തിനും കുറത്തിക്കാട് ഒ.എച്ച്.എസ്.ആർ (Over Head Service Reservoir) നവീകരണത്തിനും BOQ-ൽ കണക്കാക്കിയതിനേക്കാൾ കൂടുതൽ മാനുഷിക സമയവും, യന്ത്രങ്ങളുടെ വിന്യാസവും, സാമ്പത്തിക സ്രോതസ്സുകളും ആവശ്യമാണ്. നിലവിലുള്ള സാമഗ്രികളുടെ നിരക്കും തൊഴിൽ നിരക്കും പ്രതിഫലിപ്പിക്കാത്ത DSR 2018 അടിസ്ഥാനമാക്കിയുള്ളതാണ് എസ്റ്റിമേറ്റ്. നിർമ്മാണ സാമഗ്രികൾ, പൈപ്പുകൾ, ഇന്ധനം എന്നിവയുടെ നിരക്കിൽ വൻ വിലക്കയറ്റമുണ്ട്. അതിനാൽ കരാറുകാരന്റെ പ്രസ്താവന ന്യായമാണെന്ന് സൂപ്രണ്ടിംഗ് എൻജിനീയർ അറിയിച്ചിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വസ്തുതകളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രാധാന്യവും കണക്കിലെടുത്ത്, Single bidder-ൽ നിന്ന് ലഭിച്ച

ഓഫർ പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

10. ബഹു. ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

"നാലു പ്രധാന പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകാനുള്ള ജൽ ജീവൻ മിഷൻ പ്രകാരമുള്ള ഒരു പ്രധാന പ്രവൃത്തിയാണ്. ഫെബ്രുവരി 2023 മുതൽ ടെണ്ടർ നടപടികൾ ആരംഭിച്ചെങ്കിലും ഇതുവരെ വിജയകരമായ രീതിയിൽ ടെണ്ടർ നൽകാൻ കഴിഞ്ഞിട്ടില്ല. രണ്ടാമത്തെ ടെണ്ടർ ക്യാൻസൽ ചെയ്യേണ്ടി വന്നു. ഈ കേസിലെ ഏറ്റവും വേറിട്ട കാര്യം എന്നു പറയുന്നത് മറ്റെല്ലാ കേസുകളിൽ നിന്നും വ്യത്യസ്തമായി ടോളറൻസ് ലിമിറ്റിനേക്കാൾ താഴെയാണ് എൽ.എം.ആർ. എന്നുള്ളതാണ്. ഇതു തന്നെ എൽ.എം.ആർ. തയ്യാറാക്കിയതിലുള്ള സംവിധാനത്തിലെ അപാകത ചൂണ്ടിക്കാട്ടുന്നു. കൂടാതെ ക്വാട്ട് ചെയ്ത തുക ടോളറൻസ് ലിമിറ്റിനേക്കാൾ 7 ശതമാനം മാത്രമേ കൂടുതലുള്ളൂ. മേൽ പ്രത്യേക സാഹചര്യം കണക്കിലെടുത്തും പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്തും ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാൻ ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

11. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

'JJM- Augmentation of ARWSS to Bharanikkavu, Thekkekkara, Vallikkunnam and Krishnapuram Panchayaths' എന്ന പദ്ധതിക്ക് കീഴിലുള്ള ജൽ ജീവൻ മിഷൻ പ്രവൃത്തിക്ക് ലഭിച്ച single bidder ആയ "Sri. K Sasidharan, Metaguard Engineers And Contractors, Kaliyikkal, Ponakom, Mavelikara Alappuzha Dist., Kerala JV with Sri. Binu Mathew, Kottaviruthil house, Anaprambal P.O, Thalavady, Alappuzha" ക്വോട്ട് ചെയ്ത ഏക ദർഘാസ്

Tendered PAC യേക്കാൾ 18% അധികരിച്ച തുകയായ 40,98,49,907.25/- രൂപയ്ക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അനുവദിയ്ക്കാമോ,